ആണ് ആഗസ്റ്റ് മാസത്തിലും സെപ്റ്റംബർ ആദ്യത്തിലും സംസ്ഥാനത്തിലെ ഭക്ഷ്യ നില അല്പം മോശമായത്.

(ബി) ഭക്ഷ്യോല്പാദനം, ഭക്ഷ്യധാന്യസംഭരണം ഇവ വർദ്ധിപ്പിക്കുവാൻ വേണ്ട സത്വരനടപടികൾ ഗവൺമെണ്ടു് കൈക്കൊണ്ടിട്ടുണ്ടു്. കൂടാതെ സംസ്ഥാനത്തേക്കുള്ള അരിയുടെ കോട്ട വർദ്ധിപ്പിക്കുവാൻ ഇന്ത്യാ ഗവൺമെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

## ജനസംഖ്യ

*൨൯൭. (൨൯൦) സംഘിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരി മുനിസിപ്പൽ അതൃത്തിയിലെ ജനസംഖ്യ എത്ര;

(ബി) റേഷൻകാർഡനുസരിച്ചുള്ള ജനസംഖ്യ എത്ര?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കഴിഞ്ഞ സെൻസസ് റിപ്പോർട്ടനുസരിച്ചു് ൪൩൨൪൭.

(ബി) റേഷൻകാർഡനുസരിച്ചുള്ള ഇപ്പോഴത്തെ ജനസംഖ്യ ൪൫൯൭൬.

*൨൯൮. (൨൯൧) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാ ഗവൺമെണ്ടിന്റെ മേജർ മിനിസ്ട്രിയിൽനിന്നും റിസെറ്റിൽമെന്റ് ആൻഡ് എമ്പ്ലോയിമെന്റ് എന്ന പേരിൽ നടത്തുന്ന ഡിപ്പാർട്ട്മെണ്ടിന്റെ വല്ല വിഭാഗവും (എനിസെക്ഷൻ) തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു് നിലയിലുള്ള പ്രവർത്തനമാണു് നടത്തുന്നതു്?

(ബി) എത്ര എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചസ് ഈ സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടു്; ൧൯൪൯-ൽ ഈ സംസ്ഥാനത്തു് ഏതെല്ലാം പ്രവർത്തികൾ നടത്തിയിട്ടുണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. തിരുവനന്തപുരത്തു് അസി. ഡയറക്ടർ ഓഫ് റിസെറ്റിൽമെന്റ് ആൻഡ് എമ്പ്ലോയിമെന്റിന്റെ കീഴിൽ ഒരു എമ്പ്ലോയിമെന്റ് എക്സ്ചെയിഞ്ച് ആഫീസും എറണാകുളത്തു് ഒരു ഡിസ്ട്രിക്ട് എമ്പ്ലോയിമെന്റ് ഓഫീസും പ്രവർത്തനം നടത്തുന്നുണ്ടു്. ഈ ഓഫീസുകളുടെ ഭരണപരമായ നിയന്ത്രണം ൧൯൪൮ ഏപ്രിൽമാസം ൧-ാംതീ മുതൽ ഇൻഡ്യാ ഗവൺമെണ്ടു് ഏറ്റെടുത്തിരിക്കയാണു്. ഉദ്യോഗത്തിനു് ആവശ്യമുള്ളവർ അവരുടെ പേർ ഈ ഓഫീസുകളിൽ രജിസ്റ്റർചെയ്കയും ഒഴിവുകൾ ഈ ഓഫീസുകളിൽ അറിയിക്കുന്ന മുറക്കു് അപേക്ഷകരുടെ യോഗ്യത പരിഗണിച്ചു് ഉദ്യോഗം കിട്ടുന്നതിനു വേണ്ട സഹായങ്ങൾ ചെയ്കയും ചെയ്തുവരുന്നുണ്ടു്.

(ബി) രണ്ടു് എമ്പ്ലോയിമെന്റ് എക്സ്ചെയിഞ്ചുകൾ ഈ സംസ്ഥാനത്തു പ്രവർത്തനം നടത്തുന്നുണ്ടു്. പല എമ്പ്ലോയെഴ്സിനെ സമീപിച്ചു് പലർക്കും ജോലി വാങ്ങിക്കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly